പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *522 — 04.07.2013 ന് മറുപടിയ്ക്ക്

അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.എം. ഷാജി :<br>ശ്രീ.എൻ.എ. നെല്ലിക്കുന്ന് :<br>ശ്രീ. പി.കെ. ബഷീർ :<br>ശ്രീ. പി. ഉബൈദുള്ള: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പഠനം പൂർത്തിയാക്കിയവർക്ക വേണ്ടിയുള്ള അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം (എ.എസ്.ഇ.പി.) നടപ്പിലാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെട്ടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ; | (എ) കേരള സർക്കാർ നടപ്പിലാക്കുന്ന 'അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം' എന്ന ബൃഹദ് പദ്ധതിയുടെ ഭാഗമായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (ബി) ഇതിനായി ഏതുതരം പരിശീലന പരിപാടികളാണ് ഉദ്ദേശിക്കുന്നത് ; | (ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യുവജനങ്ങളെ വിവിധ അഭിരുചി പരീക്ഷകൾക്കും, സൈക്കോ മെട്രിക് ടെസ്റ്റുകൾക്കും വിധേയരാക്കി അവരുടെ കഴിവുകളും പോരായ്മകളും കണ്ടെത്തുകയും അതിനുശേഷം ഏതു മേഖലകളിലാണ് അവർക്ക് അഭിരുചി എന്നതനുസരിച്ച് ആ മേഖലയിൽ അവർക്ക് വിദഗ്ധ പരിശീലനം നൽകുകയും ചെയ്യുന്നു. ആശയ വിനിമയ പാടവം, ഭാഷാ നൈപുണ്യം തുടങ്ങിയ സോഫ്റ്റ് സ്കിൽസിന്റെ അഭാവവും പരിശീലനം നൽകി നികത്തുവാൻ ഉദ്ദേശിക്കുന്നു. |
| (സി) ഈ പദ്ധതി താലൂക്കടിസ്ഥാനത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ പതിനാല് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും എംപ്ലോയബിലിറ്റി സെന്ററുകൾ തുടങ്ങുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ താലൂക്കടിസ്ഥാനത്തിൽ എംപ്ലോയബിലിറ്റി സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ